# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2745 18.06.2018 -ലെ മറുപടിയ്ക്ക്

## വിദൂര വിദ്യാഭ്യാസത്തിലൂടെ നേടുന്ന യോഗ്യതകളുടെ അംഗീകാരം

ചോദ്യം
ശ്രീ.എൻ. ഷംസുദ്ദീൻ

ഉത്തരം
പ്രൊഫ. സി. രവീന്ദ്രനാഥ്
(ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദൂര വിദ്യാഭ്യാസത്തിലൂടെ ശാസ്ത്ര വിഷയങ്ങളിൽ നേടുന്ന ബിരുദാനന്തര ബിരുദ യോഗ്യതകൾ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ : എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ; | (എ) & (ബി) | ഉണ്ട്. ബിരുദങ്ങളുടെ അംഗീകാരം, തുല്യത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രൊഫ.രാജൻ ഗുരുക്കളുടെ അദ്ധ്യക്ഷതയിൽ ഒരു പത്തംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് അംഗങ്ങൾ, യു.ജി.സി.പ്രതിനിധി എന്നിവർ ഉൾപ്പെടെ അംഗങ്ങളായ ഈ കമ്മിറ്റി, ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ മാനദണ്ഡങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും രൂപീകരിക്കാൻ നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | യു.ജി.സി യുടെ 23/2/2018 -ലെ 1-9/2018 (ഡി.ഇ.ബി-1) നംബർ നോട്ടീസ് അനുസരിച്ച് വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ യു.ജി.സി അംഗീകൃതമായ എല്ലാ ഡിഗ്രികൾക്കും ഇക്വലൻസി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ